(എച്ച്) നിലവിലുള്ള ഐ.ആർ.സി.യുടെ കാലാവധി 2.11.99 വരെ ഉണ്ടെങ്കിലും ഇത് കാലാവധിക്ക് മുമ്പ് പുനഃസംഘടിപ്പിക്കുവാൻ നടപടിയെടുത്തുവരുന്നു.

87 (1193) സാമൂഹ്യ ജലസേചന പദ്ധതി

ശ്രീ. എ. കണാരൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലസേചനവും തൊഴിലും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മേപ്പയൂർ മണ്ഡലത്തിലെ മണിയൂർ വെള്ളറാട്ടുമല കിഴക്കും ഭാഗം നാളികേര വികസന സമിതിക്ക് ജലസേചന സൗകര്യത്തിനായി ഒരു സാമൂഹ്യ ജലസേചന പദ്ധതി അനുവദിച്ചുത്തരവാകണമെന്നാവശ്യപ്പെട്ടുകൊണ്ടുള്ള നിവേദനം ഗവൺമെന്റിനു ലഭിച്ചിരുന്നുവോ;

(ബി) എങ്കിൽ എന്തു നടപടികളാണ് കൈക്കൊണ്ടിട്ടുള്ളത് എന്ന് വിശദീകരിക്കുമോ?

ഉത്തരം

(എ) മേപ്പയ്യൂർ മണ്ഡലത്തിലെ മണിയൂർ വെള്ളറാട്ടുമല കിഴക്കും ഭാഗം നാളികേര വികസന സമിതിക്ക് ജലസേചന സൗകര്യത്തിനായി ഒരു സാമൂഹ്യ ജലസേചന പദ്ധതി അനുവദിക്കണമെന്ന നിവേദനം ജലസേചന വകുപ്പിൽ ലഭിച്ചതായി കാണുന്നില്ല. മേപ്പയൂർ മണ്ഡലം കേരള സാമൂഹ്യ ജല സേചന സമിതിയുടെ പ്രവർത്തന പരിധിയിൽ വരുന്നതല്ല.

(ബി) ഉദിക്കുന്നില്ല.

88 (1194) കിഴക്കേമുറി വാട്ടർസപ്ലൈ സ്കീം

ശ്രീ. എം. നാരായണൻ (ഹോസ്ദുർഗ്ഗ്) : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലസേചനവും തൊഴിലും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കാസർഗോഡ് ജില്ലയിൽ ചെറുത്തൂർ പഞ്ചായത്തിലെ കിഴക്കേമുറി വാട്ടർ സപ്ലൈ സ്കീം സർക്കാരിന്റെ പരിഗണനയിലുണ്ടോ;

(ബി) എങ്കിൽ എത്ര തുകയാണ് ഈ സ്കീമിന് അനുവദിച്ചിട്ടുള്ളത്;

(സി) ഈ പദ്ധതിയുടെ പ്രവർത്തനം ആരംഭിച്ചിട്ടുണ്ടോ;

(ഡി) എങ്കിൽ പ്രസ്തുത പദ്ധതിയുടെ പ്രവർത്തനം ഇപ്പോൾ ഏതു ഘട്ടത്തിലാണെന്നു പറയുമോ;

(ഇ) ഇല്ലെങ്കിൽ ഈ പദ്ധതിയുടെ പ്രവർത്തനം ആരംഭിക്കാൻ ആവശ്യമായ അടിയന്തിര നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ)&(ബി) കാസർഗോഡ് ജില്ലയിലെ ചെറുത്തൂർ പഞ്ചായത്തിൽപ്പെടുന്ന കിഴക്കേമുറിയിൽ ശുദ്ധജല വിതരണം നടപ്പിലാക്കാനുള്ള ഒരു പദ്ധതിക്ക് കേരള വാട്ടർ അതോറിറ്റി രൂപംനൽകിയിരുന്നു. എന്നാൽ ജനകീയാസൂത്രണത്തിന്റെ കീഴിൽ പഞ്ചായത്തുകൾക്ക് അധികാരം കൈമാറ്റം ചെയ്യുന്നതിന്റെ ഭാഗമായി പുറപ്പെടുവിച്ചിട്ടുള്ള 19.3.98-ലെ (എം.എസ്.) 29/98/ജല.വ. സർക്കാർ ഉത്തരവിൻ പ്രകാരം, ഒരു പഞ്ചായത്തിൽ മാത്രം ഒതുങ്ങുന്ന ശുദ്ധ

LIBRARY ARCHIVES Kerala Legislative Assembly